**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **02-02-2026 - ൽ മറുപടിയ്ക്ക്**

**പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂൾ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ വികസനത്തിനായി 2016 മുതൽ നാളിതുവരെ ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങളും അനുവദിക്കപ്പെട്ട തുകയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അറിയിക്കുമോ? | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര വാടയ്ക്കലിൽ പ്രവർത്തിക്കുന്ന ഡോ.അംബേദ്കർ മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2016 മുതൽ നാളിതുവരെ നിരവധി പദ്ധതികളിലൂടെ ആകെ 1,73,35,169/- രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഉന്നത നിലവാരത്തിൽ രണ്ടു സ്മാർട്ട് ക്ലാസ് റൂമുകളും ഒരു ജംപ് പിറ്റും 12,70,000/- രൂപ ചെലവഴിച്ച് നിർമ്മിച്ചു.<br><br>2. സ്കൂൾ വിദ്യാഭ്യാസ പ്രവർത്തങ്ങൾ ഉന്നത നിലവാരത്തിലെത്തിയ്ക്കുന്നതിന്റെ ഭാഗമായി കെമിസ്ട്രി ലാബ്, ബോട്ടണി ലാബ്, ഫിസിക്സ് ലാബ്, സുവോളജി ലാബ് എന്നിവ 49,19,103/- രൂപ ചെലവഴിച്ച് നിർമ്മിച്ചു.<br><br>3. സ്കൂളിലെ ക്ലാസ് മുറികളുടെ പുനരുദ്ധാരണത്തിനായി 9,66,216/- രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>4. സ്കൂൾ ഹോസ്റ്റലിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവർത്തങ്ങൾക്കായി 8,44,450/- രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ടോയിലറ്റ് നിർമ്മാണം, പെയിൻറിംഗ് പ്രവർത്തികൾ, മെസ് ഹാൾ അറ്റകുറ്റപ്പണികൾ, മതിലിന്റെ ഉയരം കൂട്ടി മുള്ളുവേലി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾക്കായി ആകെ 93,35,400/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത നിർമ്മാണ പ്രവർത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ച നല്ല നിലയിൽ പരിപാലിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ